പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **--4343** **19.10 .2011-** ലെ മറുപടിക്ക്

<u>കടൽക്കൊള്ളക്കാർ റാഞ്ചിയ കപ്പലിലെ ജീവനക്കാരന്റെ മോചനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | <u>ശ്രീ. കെ. സി. ജോസഫ്</u><br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) സോമാലിയ തീരത്തുവച്ച് കടൽക്കൊള്ളക്കാർ റാഞ്ചിയ ചരക്ക് കപ്പലിലെ ജീവനക്കാരൻ കൊയിലാണ്ടി, നടുവത്തൂരിലെ ബിജേഷിനെ മോചിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പരാതിയോ നിവേദനമോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രീ. വിജേഷ് ഉൾപ്പെടെ തട്ടികൊണ്ട് പോകപ്പെട്ട കപ്പലിൽ ഉൾപ്പെട്ട രണ്ട് മലയാളികളെ മോചിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും അതിന് ആവശ്യമായ സമ്മർദ്ദം ചെലുത്തണമെന്നും ഇവരുടെ ജീവൻ രക്ഷിക്കുവാൻ മറ്റെല്ലാ സഹായവും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനേഴാം സമ്മേളനത്തിൽ സബ്മിഷനായി ഈ കാര്യം ഉന്നയിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) 10/02/2011 – ലാണ് സബ്മിഷൻ ഉന്നയിച്ചത്. 11/02/2011 – ൽ തന്നെ വിശദമായ സർക്കാർ കത്തിലൂടെ സോമാലിയയിലെ ഇന്ത്യൻ അംബാസിഡർ, മുംബൈയിലെ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് എന്നിവർക്കു സന്ദേശം ഫാക്സ് മുഖാന്തിരം നൽകി. കൂടാതെ അന്നേ ദിവസം തന്നെ സോമാലിയയുടെ കൂടെ കാര്യങ്ങൾ നോക്കുന്ന കെനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷന് ഇ – മെയിൽ സന്ദേശവും നൽകി.

(സി) ബിജേഷിന്റെ മോചനത്തിന് തടസ്സമാകുന്ന ഘടകങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) 17/03/2011 – ൽ ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിംഗിൽ നിന്ന് ലഭിച്ച സന്ദേശമനുസരിച്ച് കപ്പലിന്റെ മാനേജർമാർ കടൽക്കൊള്ളക്കാരുമായി മോചനദ്രവ്യം സംബന്ധിച്ച് നിരന്തരചർച്ചകളിലാണെന്ന് അറിയിച്ചു.

(ഡി) ബിജേഷിന്റെ മോചനത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

(ഡി) ശ്രീ. വിജേഷ് ഉൾപ്പെടെ രണ്ട് മലയാളികളുടെയും ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവരുടെ മോചനം സാധ്യമാക്കുന്നതിനും കേന്ദ്ര പ്രവാസികാര്യ മന്ത്രാലയവുമായും മുംബൈയിലെ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗുമായും വീണ്ടും അടിയന്തിര സന്ദേശം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ